തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാൻ നടപടി

10 [*141] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
" എം. പ്രകാശൻ മാസ്റ്റർ:
" മത്തായി ചാക്കോ:
" എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റും ജനറൽ പർപ്പസ് ഗ്രാന്റും ഇനത്തിൽ എന്തു തുക കുടിശ്ശികയുണ്ട് ;

(സി) മെയിന്റനൻസ് ഗ്രാന്റും ജനറൽ പർപ്പസ് ഗ്രാന്റും നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് ലഭിക്കാത്തതുമൂലം പ്രസ്തുത സ്ഥാപനങ്ങൾ തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) ഇല്ല. 2-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2004-05 മുതൽ മെയിന്റനൻസ് ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ് എന്നിവ നൽകി തുടങ്ങിയതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നില്ല.

(ബി & സി) കുടിശ്ശികയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിയിതര ഗ്രാന്റുകളുടെ 30-1-2006 വരെയുള്ള അർഹതപ്പെട്ട തുക ഗഡുക്കളായി നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

കൊപ്രയ്ക്ക് താങ്ങുവില പുനർ നിർണ്ണയം

11 [*142] ശ്രീ. സി. കെ. നാണു:
" എ. സി. ഷൺമുഖദാസ്:
" കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് കാരണം കൊപ്രയ്ക്ക് താങ്ങുവില പുതുക്കി നിശ്ചയിച്ച് കൊപ്ര സംഭരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly